## 118

വന്ദനം വന്ദനം വന്ദനം നാഥാ വന്ദനം യേശുപരാ
വന്ദിതനാം വല്ലഭനാം യേശുപരാ-

1 ആദിയുഗങ്ങൾക്കു മുന്നമേ നിന്നിൽ
തിരഞ്ഞെടുത്തെന്നോ നാഥായെന്നെ
നിരുപമ സ്നേഹം തവ തിരുസ്നേഹം
അനുദിനവും പുകഴ്ത്തിടും ഞാൻ സ്തുതിച്ചിടും ഞാൻ-

2 സ്വർഗ്ഗമഹിമകൾ വിട്ടു നീയെന്നെ
നീചജഗത്തിൽ തേടിയോ? നാഥാ!
നികരില്ലാ സ്നേഹം തവതിരുസ്നേഹം
അനുദിനവും പുകഴ്ത്തിടും ഞാൻ സ്തുതിച്ചിടും ഞാൻ-

3 രക്തം ചൊരിഞ്ഞെന്നെ വീെ ടുപ്പാനായ്
മൃത്യു വരിച്ചോ? കുരിശിലെൻ നാഥാ!
അളവില്ലാ സ്നേഹം തവതിരുസ്നേഹം
അനുദിനവും പുകഴ്ത്തിടും ഞാൻ സ്തുതിച്ചിടും ഞാൻ-

4 ഇത്ര മഹാദയ തോന്നുവതിന്നായ്
എന്തുള്ളു നന്മയീ സാധുവിലോർത്താൽ
അതിരില്ലാ സ്നേഹം തവതിരുസ്നേഹം
അനുദിനവും പുകഴ്ത്തിടും ഞാൻ സ്തുതിച്ചിടും ഞാൻ- G.P.